(സി) ഓരോ കോളനിയിലും ഇതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി)

ക്രമ നമ്പർ	കോളനിയുടെ പേര്	നിർമ്മാണ ഏജൻസി
1	കൊറ്റുകുളം കോളനി	കേരള സ്റ്റേറ്റ് ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KLDC)
2	കൊറ്റിയോട്ട്കുന്ന് കോളനി	സിഡ്കോ
3	പാറനിരപ്പ്കുന്ന് കോളനി	സിഡ്കോ
4	ചെമ്പകമൂല	സിഡ്കോ

(സി) കൊറ്റുകുളം കോളനിയിലെ പൂച്ചലാക്കൽ റോഡിന്റെയും റാമ്പിന്റെയും പാർശ്വഭിത്തി സംരക്ഷണം, വരട്ടിയാൽകുന്നിലെ നടപ്പാതയുടെ പാർശ്വസംരക്ഷണം, കൊറ്റുകുളം അംഗൻവാടിക്ക് സമീപമുള്ള നടപ്പാതയുടെ പുനരുദ്ധാരണം, കിണർ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. പനിച്ചേടത്ത്കുന്നിലെ നടപ്പാതയുടെ നിർമ്മാണം 80%-വും ഓഡിറ്റോറിയത്തിന്റെയും രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയുടെയും അറ്റകുറ്റപ്പണികൾ 90%-വും പൂർത്തിയായി. കൊറ്റിയോട്ട്കുന്ന് കോളനി, പാറനിരപ്പ്കുന്ന് കോളനി, ചെമ്പകമൂല എന്നീ കോളനികളിൽ പദ്ധതിയുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. 2015 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പട്ടികജാതിക്കാർക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

283 (4569) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) പട്ടികജാതിക്കാർക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രോഗ്രാമിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്നൊരു പ്രത്യേക പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ തൊഴിൽ ഉറപ്പു വരുത്തുന്ന വിവിധ പരിശീലന പരിപാടികൾ അംഗീകൃത ഏജൻസികളുമായി ചേർന്ന് നടത്തുന്നുണ്ട്.

(ബി - ഡി) ബാധകമല്ല.

പട്ടികജാതികോളനികളുടെ സമഗ്രവികസനം

284(4570) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്രവികസനത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെ; ആയതിനു ഓരോ കോളനിക്കും പ്രതിവർഷം ചെലവഴിക്കുന്ന തുക എത്ര ;

(ബി) റാന്നി നിയോജകമണ്ഡലത്തിൽ നാളിതുവരെ ഏതൊക്കെ കോളനികളിലാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത് ;

(സി) എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഓരോ കോളനിയിലും നടപ്പാക്കിയിട്ടുള്ളത് ; ഈ പദ്ധതികൾക്ക് ഓരോന്നിനും ചെലവഴിച്ചത് എത്ര തുക വീതമാണ്; ഏത് ഏജൻസിയാണ് ഓരോ കോളനിയിലെയും വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയത് ;

LIBRARY ARCHIVES Kerala Legislative Assembly